**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 716** **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണ സംവിധാനത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വേനൽകാലത്ത് വൈദ്യുതി ഉപയോഗം വർദ്ധിക്കുന്നതിനനുസൃതമായി വൈദ്യുതി വിതരണ സംവിധാനം നവീകരിക്കുന്നതിൽ വൈദ്യുതി ബോർഡിന് വീഴ്ച ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവേയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർദ്ധനവിനനുസരിച്ചാണ് കെ. എസ്. ഇ. ബി. എൽ. ഓരോ വർഷത്തെയും പ്രവൃത്തികൾ പ്രധാനമായും ആസൂത്രണം ചെയ്തു വരുന്നത്. കേരളത്തിലെ പീക്ക് ഇലക്ട്രിസിറ്റി ഡിമാൻഡിൽ 5% വർദ്ധനവാണ് 20-ാമത്തെ ഇലക്ട്രിക് പവർ സർവേയിൽ പ്രവചിച്ചിരുന്നത്. ഇതിനനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ., 2022-23, 2023-24 ലെയും പുതിയ ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ എന്നിവ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിരുന്നത്. എന്നാൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണതരംഗം എയർ കണ്ടീഷണറുകളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും തന്മൂലം ക്രമാതീതമായ ലോഡ് വർദ്ധനവ് കെ. എസ്. ഇ. ബി. എൽ. ശൃംഖലയിൽ (ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും) ഉണ്ടാവുകയും ചെയ്തു. വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ഡിമാൻഡ് കൂടാൻ കാരണമായി. 2023 മാർച്ച് മാസത്തെ അപേക്ഷിച്ച് 2024 മാർച്ച് മാസത്തിൽ രാജ്യത്തൊട്ടാകെയുള്ള വൈദ്യുതി ഉപഭോഗം കേവലം 1.4% മാത്രം വർദ്ധിച്ചപ്പോൾ കേരളത്തിലെ വൈദ്യുതി ഉപഭോഗം 12.79% ആണ് വർദ്ധിച്ചത്. 2023 ഏപ്രിൽ മാസത്തിൽ രാജ്യത്തെ വർദ്ധന 10.89% ആയിരിക്കെ സംസ്ഥാനത്ത് അത് 15.62% ആയി വർദ്ധിക്കുകയുണ്ടായി. ഈ കാലയളവിൽ ഇന്ത്യയൊട്ടാകെ പീക്ക് ലോഡ് 3.8% വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തെ പീക്ക് ടൈം |

ഉപഭോഗത്തിൽ 12.38% മാണ് വർദ്ധനവ് ഉണ്ടായത്. നൽകിയ പർച്ചേസ് ഓർഡറുകൾക്കനുസൃതമായി ട്രാൻസ്ഫോർമറുകൾ M/s.KEL ലഭ്യമാക്കാതിരുന്നതും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടി, അപ്രതീക്ഷിതമായി ഉണ്ടായ മേൽ ലോഡ് വർദ്ധനവ് കൈകാര്യം ചെയ്യുന്നതിനു കെ.എസ്.ഇ.ബി.എൽ.-നു ബുദ്ധിമുട്ടുണ്ടാക്കി. പ്രസ്തുത സാഹചര്യങ്ങളെ നേരിടുവാൻ കെ.എസ്.ഇ.ബി.എൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണ് നടപ്പിലാക്കിയത്.

ഉഷ്ണ തരംഗത്തെ തുടർന്നു അപ്രതീക്ഷിതമായി ഫീഡറുകളിലും ട്രാൻസ്ഫോർമറുകളിലും ഉണ്ടായ ലോഡ് വർദ്ധനവിനെ തുടർന്നുള്ള പ്രതിസന്ധിയെ ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടിയും ലോഡ് റീ അറേഞ്ച് ചെയ്തും വിവിധങ്ങളായ ഡിമാൻഡ് സൈഡ് മാനേജ്മന്റ് പ്രവൃത്തികൾ നടപ്പിലാക്കിയും ഒരു പരിധി വരെ നിയന്ത്രണത്തിലാക്കാൻ കെ.എസ്.ഇ.ബി.എൽ.–നു സാധിച്ചിരുന്നു.

ഊർജ്ജ സംരക്ഷണ ക്ലാസ്സുകളും കേബിൾ ടി വി / FM എന്നിവയിൽ കൂടിയുള്ള പ്രചാരണങ്ങളും വീടുകളും ഫാക്ടറികളും മറ്റു സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള ഊർജ്ജ സംരക്ഷണ ക്യാമ്പയ്നുകളും Whatsapp ഗ്രൂപ്പുകൾ വഴിയുള്ള പ്രചരണങ്ങളും സെക്ഷൻ ഓഫീസ് വഴി ഊർജ്ജ സംരക്ഷണ നോട്ടീസുകളുടെ വിതരണവും ഡിമാൻഡ് സൈഡ് മാനേജ്മെന്റിന്റെ ഭാഗമായി നടത്തി വന്നിരുന്നു.

സംസ്ഥാനത്തെ ദിനംപ്രതിയുള്ള വൈദ്യുതി ഉപയോഗം 11 കോടി യൂണിറ്റിലധികമായതിനെ തുടർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്യാൻ 2024 മെയ് 2 ന് മന്ത്രി തലത്തിൽ അവലോകനം നടത്തി. തുടർന്ന് മെയ് 8 ന് KSEB യിലെ തൊഴിലാളി/ഓഫീസർ സംഘടനകളുമായി ചർച്ച നടത്തി. മെയ് 9 ന് വിതരണ പ്രസരണ മേഖലയിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി വൈദ്യുതി ഉപയോഗം ക്രമീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താനും തീരുമാനമെടുത്തു.

പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കാൻ HT/EHT ഉപഭോക്താക്കളോടും പൊതുമേഖലാ സ്ഥാപനങ്ങളോടും വാട്ടർ അതോറിറ്റിയോടും വാണിജ്യ സ്ഥാപനങ്ങളിലെ പരസ്യബോർഡുകളിലെ ലൈറ്റുകളും മറ്റു അലങ്കാര ദീപങ്ങളും ഒഴിവാക്കാൻ വാണിജ്യ ഉപഭോക്താക്കളോടും കെ.എസ്.ഇ.ബി.എൽ. അഭ്യർത്ഥിക്കുകയും

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.എൽ.-മായി സഹകരിക്കുകയും ചെയ്തിരുന്നു. |
| (ബി) | വേനൽകാലത്ത് ഉണ്ടായേക്കാവുന്ന വർദ്ധിച്ച വൈദ്യുതി ഉപയോഗം മുൻകൂട്ടി മനസ്സിലാക്കി, വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ; | (ബി) | വിതരണ വിഭാഗത്തിൽ ഈ വർഷം വേനൽക്കാലത്തുണ്ടായ വർദ്ധിച്ച ഉപഭോഗത്തിനനുസരിച്ച് ഓവർലോഡ് ആയ ഫീഡറുകളുടെയും ട്രാൻസ്ഫോർമറുക ളുടെയും ശേഷി കൂട്ടുന്ന പ്രവൃത്തികൾ, ദ്യുതി 2 ൽ പുതുതായി ഉൾപ്പെടുത്താൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.<br><br>പ്രസരണ വിഭാഗത്തിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവേ പ്രകാരമുള്ള ലോഡ് വർദ്ധനവ് അനുസരിച്ച് 5 വർഷങ്ങളിലേക്കുള്ള (നിലവിൽ CAPEX 2022-27) പദ്ധതികൾ മുൻകൂട്ടി വിശദമായ പഠനം നടത്തി നടപ്പിലാക്കുകയാണ് നിലവിൽ കെ.എസ്.ഇ.ബി.എൽ ചെയ്യുന്നത്. കൂടാതെ പ്രസരണ ശൃംഖലയുടെ ശക്തിപ്പെടുത്തലിനായി CEAയും, ഇലക്ട്രിസിറ്റി ആക്ട് 2003 ഉം അനുശാസിക്കുന്ന പ്രകാരം കെ.എസ്.ഇ.ബി.എൽ. ഒരു Long Term Transmission Plan (ട്രാൻസ്ഗ്രിഡ് 2.0) തയ്യാറാക്കി നടപ്പിലാക്കി വരുന്നു. എന്നാൽ കഴിഞ്ഞ മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം എയർ കണ്ടീഷണറുകളുടെ ഉപയോഗം വർദ്ധിപ്പിക്കുകയും തന്മൂലം ക്രമാതീതമായ ലോഡ് വർദ്ധനവ് കെ.എസ്.ഇ.ബി.എൽ ശൃംഖലയിൽ ഉണ്ടാവുകയും ചെയ്തു. വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ഉപഭോഗം കൂടാൻ കാരണമായി. ആയത് മനസ്സിലാക്കി പ്രസരണ വിഭാഗത്തിന് കീഴിൽ നിലവിൽ എഴുപത്തിഅഞ്ച് ശതമാനത്തിൽ കൂടുതൽ ലോഡ് ഉള്ള ട്രാൻസ്ഫോർമറുകളുടെയും ഫീഡറുകളുടെയും ശേഷി വർധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി കഴിഞ്ഞു. കൂടാതെ വരുന്ന പത്ത് വർഷത്തേക്ക് നടപ്പിലാക്കേണ്ട അധിക പദ്ധതികളെ സംബന്ധിച്ച പഠനം നടത്തി വരുന്നു. |
| (സി) | വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | വിതരണ രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പ-വരുത്തുന്നതിനുമായി ദ്യുതി 2.0, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളാണ് കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കുന്നത്. ദ്യുതി 1 പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി |

| | | | | |
|---|---|---|---|---|
| | | | | ഉറപ്പുവരുത്താനുമായി 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. 2022-23 മുതൽ മെയ് 2024 വരെ 1000 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി 2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2024-25 ൽ മാത്രം 804 കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതു കൂടാതെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും, ഉപ-പ്രസരണ, വിതരണ രംഗം നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവൃത്തികൾക്കുമായി 2269 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് .<br><br>RDSS പദ്ധതിയുടെ കീഴിൽ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കവേർഡ് കണ്ടക്ടർ (Covered Conductor) ഉപയോഗിച്ചുള്ള 33 kV ലൈൻ റീ കണ്ടക്ടറിങ്, ഏരിയൽ ബഞ്ച്ഡ് കേബിൾ (ABC), കവേർഡ് കണ്ടക്ടർ (Covered Conductor) എന്നിവ ഉപയോഗിച്ചുള്ള 11 kV റീ കണ്ടക്ടറിങ്, പുതിയ ലൈൻ വലിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ എന്നീ പ്രവൃത്തികൾക്കു കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ അനുമതി 15.03.2022-ന് ലഭിച്ചു. പ്രസ്തുത പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ഇതിൽ 33 kV ലൈൻ റീകണ്ടക്ടറിങ് പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ ഏതാണ്ട് പൂർത്തിയാവുകയും ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ